**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2603** **13-12-2022 - ൽ മറുപടിയ്ക്ക്**

**കണ്ണൂർ സർക്കാർ മെഡിക്കൽ കോളേജിൽ ട്രോമകെയർ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വിജിൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കണ്ണൂർ സർക്കാർ മെഡിക്കൽ കോളേജിൽ കിഫ്ബി അംഗീകാരം നൽകിയ 51.30 കോടി രൂപയുടെ ട്രോമകെയർ പദ്ധതി ഐ.എഫ്.സി. ഫണ്ടിംഗിനായി പരിഗണിച്ചതിന്റെ അടിസ്ഥാനത്തിൽ പുതുക്കിയ രൂപരേഖയുള്ള സാങ്കേതിക അനുമതിയും പുതുക്കിയ ധനകാര്യ അനുമതിയും ലഭ്യമായിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ? | (എ) | കണ്ണൂർ സർക്കാർ മെഡിക്കൽ കോളേജിൽ കിഫ്ബി അംഗീകാരം നൽകിയ 51.30 കോടി രൂപയുടെ ട്രോമാ കെയർ ഉൾപ്പെടെയുള്ള പദ്ധതി ഐ.എഫ്.സി. ഫണ്ടിംഗിനായി പരിഗണിച്ചതിന്റെ അടിസ്ഥാനത്തിൽ തിരുത്തിയ സ്ട്രക്ചറൽ ഡിസൈൻ റിപ്പോർട്ട് അനുബന്ധ ഡ്രോയിംങ്ങുകൾ എന്നിവ എസ്.പി.വി ആയ വാപ്കോസ് കിഫ്ബിയിൽ സമർപ്പിക്കുകയും, ആയത് പരിശോധനയിന്മേൽ തൃപ്തികരമല്ല എന്നു കാണുകയും ചെയ്തു. ആയതിനാൽ ഡിസൈൻ റിവ്യൂ നിർദ്ദേശങ്ങൾക്കും കിഫ്ബി നിർദ്ദേശിച്ചിട്ടുള്ള "ഗൃഹ" മാനദണ്ഡങ്ങൾക്കും അനുസൃതമായി സ്ട്രക്ചറൽ ഡിസൈനും അനുബന്ധ ഡ്രോയിംഗ്സും, പുതുക്കിയ എസ്റ്റിമേറ്റ് ഉൾപ്പെടെ കിഫ്ബിയിൽ സമർപ്പിക്കാൻ എസ്.പി.വി.-യോട് നിർദ്ദേശിച്ചിട്ടുണ്ട്. അതിനു തൃപ്തികരമായ മറുപടി ലഭ്യമാക്കുന്ന മുറയ്ക്ക് പുതുക്കിയ ധനാനുമതി ലഭ്യമാക്കാനുള്ള നടപടികൾ കിഫ്ബി സ്വീകരിക്കുന്നതാണ്. കൂടാതെ പുതുക്കിയ ധനാനുമതി ലഭ്യമാക്കിയ ശേഷം സാങ്കേതിക അനുമതി നേടി പ്രവൃത്തി ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടത് എസ്. പി. വി.യാണ്. |

സെക്ഷൻ ഓഫീസർ